# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**No. 275/2022**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

ഒക്ടോബർ മാസം 2-ാം തീയതി ഞായറാഴ്ച സെമിനാരി ദിനമായി നാം ആചരിക്കുകയാണ്. നമ്മുടെ വൈദിക സെമിനാരികൾ പരിശുദ്ധ സഭയുടെ സിരാകേന്ദ്രങ്ങളാണ്. പാശ്ചാത്യ ദേശങ്ങളിൽ വൈദിക പഠനത്തിന് വിദ്യാർത്ഥികളുടെ ലഭ്യത കുറവാണ്. എന്നാൽ ദൈവകൃപയാൽ നമ്മുടെ സാഹചര്യം വ്യത്യസ്തമാണ്. ഇന്നും അനേക വിദ്യാർത്ഥികൾ വൈദിക ശുശ്രൂഷയ്ക്ക് താല്പര്യമുള്ളവരാണ്. എന്നാൽ ലോകത്തിന്റെ പ്രലോഭനങ്ങൾക്ക് വശംവദരാകാത്ത ആഴമേറിയ ദൈവാശ്രയബോധമുള്ള വിദ്യാർത്ഥികളെ നാം കണ്ടെത്തി നല്ല പരിശീലനം നൽകേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ അളവറ്റ കൃപയാലും നമ്മുടെ ജനങ്ങൾ അകമഴിഞ്ഞ് നൽകുന്ന സഹായങ്ങളാലും നമ്മുടെ രണ്ടു സെമിനാരികളും അഭിവൃദ്ധിപ്പെട്ടു വരുന്നതിൽ ദൈവത്തെ സ്തുതിക്കാം. കോട്ടയം പഴയസെമിനാരിയിൽ ബി. ഡി. ഡിഗ്രിക്ക് 110 വിദ്യാർത്ഥികളും നാഗ്പൂർ സെന്റ് തോമസ് സെമിനാരിയിൽ 57 വിദ്യാർത്ഥികളും ഉണ്ട്. ഇതുകൂടാതെ പഴയ സെമിനാരിയിൽ മാസ്റ്റർ ഡിഗ്രിക്കും, ഡോക്ടറേറ്റിനും ഇതര സഭകളിലെ ഉൾപ്പെടെ 50 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. കൊറോണ മഹാമാരി നിലനിൽക്കുന്ന സാഹചര്യത്തിൽ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണി ആരംഭിക്കാനായിട്ടില്ല. ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിൽ ഓൺലൈൻ സംഗീത പരിശീലനവും, സുറിയാനി ഭാഷ പഠനവും വിജയകരമായി നടക്കുന്നുണ്ട്. പ്രത്യാശാ കൗൺസലിംഗ് സെന്ററിൽ ഉയർന്ന നിലവാരത്തിലുള്ള കൗൺസലിംഗ് കോഴ്സും നടന്നു വരുന്നു. ത്രിതല ദിവ്യബോധന പഠനപദ്ധതി കോവിഡ് കാലം അതിജീവിച്ച് വിജയകരമായി മുന്നേറുന്നു. നാഗ്പൂർ സെമിനാരി അത്മായർക്കായി ആരംഭിച്ച 'സത്യജ്യോതി' ഓൺലൈൻ കോഴ്സ് ഭംഗിയായി നടന്നു വരുന്നു. ലൈബ്രറിയുടെ ആധുനികവൽക്കരണവും പൂർത്തിയായി. ജൂലൈ മാസം ഉണ്ടായ പ്രളയത്തിൽ അവിടെ ചില നാശനഷ്ടങ്ങൾ വന്നത് പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

പ്രിയരെ, കോവിഡ്-19 മഹാമാരി പരിപൂർണ്ണമായി മാറാത്തതുമൂലം ഇടവകകൾ സാമ്പത്തികമായ ഞെരുക്കം ഏറെ അനുഭവിക്കുന്നുണ്ടെങ്കിലും വൈദിക സെമിനാരി വിദ്യാഭ്യാസം ഈ പരിമിതികൾക്കു നടുവിലും മുടക്കം കൂടാതെ നിർവ്വഹിക്കേണ്ടത് പരിശുദ്ധ സഭയുടെ നിലനിൽപ്പിന് അനിവാര്യമാണ്. ആയതിനാൽ പ്രതിസന്ധികളുടെ നടുവിലും സാദ്ധ്യമായ എല്ലാ സാമ്പത്തിക പിന്തുണകളും വൈദിക സെമിനാരികൾക്ക് നൽകി സഹായിക്കണമെന്ന് നാം നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ മാസം 2-ാം തീയതി എല്ലാ പള്ളികളിലും വിശുദ്ധ കുർബ്ബാനമദ്ധ്യേ രണ്ടു സെമിനാരികൾക്കും വേണ്ടി പ്രാർത്ഥിക്കുകയും, അന്നത്തെ സെമിനാരിദിന കവർ പിരിവിലും സ്തോത്രകാഴ്ചയിലും എല്ലാവരും സഹകരിക്കുകയും വേണം. ഒക്ടോബർ 2-ന് വിശുദ്ധ കുർബ്ബാനയില്ലാത്ത പള്ളികളിൽ, തൊട്ടടുത്ത് വിശുദ്ധ കുർബ്ബാനയുള്ള പൊതു ആരാധനാദിവസം സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സെമിനാരികൾക്ക് സാമ്പത്തിക പിന്തുണ നൽകുകയും വേണം. കവർപിരിവിൽ നിന്നും ലഭിക്കുന്ന തുക മുഴുവനായും പല പള്ളികളും സെമിനാരിയിലേക്ക് അയച്ചു കൊടുക്കുന്നില്ല എന്ന വസ്തുത നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ദൈവനീതിക്കെതിരായ പാപമാണെന്ന് തിരിച്ചറിയണം. കവർ പിരിവും സെമിനാരി ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് **പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി. ബി. 98, കോട്ടയം-1, കേരള - 686 001** എന്ന വിലാസത്തിൽ ഒക്ടോബർ 31-നു മുമ്പായി അയച്ചു കൊടുക്കണം. ലഭിക്കുന്ന തുക അവിടെ നിന്ന് ആനുപാതികമായി ഇരുസെമിനാരികൾക്കും വീതിച്ചു നൽകുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 ഓഗസ്റ്റ് മാസം 09-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**In the blessed name of the Tri-une God, Self-existent,
Beginningless and Endless, Perfect in Being, (Glory be to Him)
Moran Mar Baselios Marthoma Mathews III Catholicos of the East and
Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 275/2022**

Blessings to our beloved Vicars, Priests of the locality, *Kaisthanees* and faithful of all the Parishes!

Our dearly beloved in the Lord,

Both our Seminaries are centers of learning as well as spirituality of our Church. However, they are suffering from the unprecedented consequences of the covid-19 pandemic. Nagpur Seminary met with an unexpected flood in the month of July. STOTS Upavan, where some animals and birds were kept was affected by the floods. As per Orthodox ethos the teachers have to be in the campus with the students. Unfortunately, married priests struggle much due to lack of Family Quarters at Kottayam. This year we would like to raise a special fund for building the quarters.

The Seminary Day Collection is the main resource for the running of both the Seminaries. This year, Seminary Day falls on Sunday, 2nd of October, 2022. We all are aware of the damage instilled by the pandemic. We certainly understand how severely the whole world is affected by it. In spite of all such difficulties we have to extend a helping hand to our Seminaries so that the future of our church in safe. Please do pray for both the Seminaries in the Holy Qurbana, especially on Sunday, the 2nd October. For the parishes which do not have a Qurbana on that day, please observe the Seminary Day on the following Sunday.

We earnestly seek the support of the Vicars and the Managing Committee to ensure good participation of the parishioners in the cover collections and the offertory of that day. The cover collections and offertory may be sent to, **The Principal, Orthodox Theological Seminary, PB No. 98, Kottayam - 686 001**, before 31st October 2022. Make sure that the full amount collected is sent to the Seminary. The collected amount will be proportionally divided between the two Seminaries. Those who would like to become regular 'Friends of the Seminary' can donate Rs. 80,000 the annual expense for a student. The scripture says: "He who supplies seed to the sower and bread for food will supply and multiply your resources" (2 Cor. 10:10).

May the Grace and Blessings of God Almighty abide with you forever. And may the prayers of the Mother of our God the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.

Our Father who art in Heaven.........................

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On August 09, 2022